**32/25-M**

**ചോദ്യപുസ്തക അക്ഷരകോഡ്**

| |
|---|
| **A** |

A

| |
|---|
| **ചോദ്യ പുസ്തക ക്രമനമ്പർ** |
| |

| | |
|---|---|
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ''ഹിസ്റ്ററി ഓഫ് കേരള'' എന്ന പുസ്തകം രചിച്ചതാര് ?
   A) കേരള വർമ്മ പഴശ്ശിരാജ
   B) മാർത്താണ്ഡ വർമ്മ
   C) സർദാർ കെ. എം. പണിക്കർ
   D) വില്യം ലോഗൻ

2. മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് സൂചിപ്പിക്കുന്ന ഗ്രന്ഥം ഏത് ?
   A) ഒന്നേകാൽ കോടി മലയാളികൾ
   B) ഭാഷാ കേരളം
   C) നവകേരള ശില്പികൾ
   D) ഇവയൊന്നുമല്ല

3. പഞ്ചശീല തത്വങ്ങളിൽ ഒപ്പുവച്ച രാജ്യങ്ങൾ ?
   A) ഇന്ത്യ-ശ്രീലങ്ക
   B) ഇന്ത്യ-പാകിസ്ഥാൻ
   C) ഇന്ത്യ-ബംഗ്ലാദേശ്
   D) ഇന്ത്യ-ചൈന

4. 1857-ലെ കലാപത്തിൽ നാനാസാഹിബ് നേതൃത്വം നൽകിയ സ്ഥലം ഏതായിരുന്നു ?
   A) ഡൽഹി
   B) ലഖ്നൗ
   C) കാൺപൂർ
   D) ഝാൻസി

5. 1775-ൽ രണ്ടാം അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്സ് നടന്നത് എവിടെ ?
   A) ന്യൂയോർക്ക്
   B) ഫിലാഡൽഫിയ
   C) വാഷിംഗ്ടൺ
   D) സാൻഫ്രാൻസിസ്കോ

6. ഐക്യരാഷ്ട്രസഭയുടെ ഇപ്പോഴത്തെ സെക്രട്ടറി ജനറൽ ആര് ?
   A) അൻറ്റോണിയോ ഗുട്ടറസ്
   B) ബാൻ കി മൂൺ
   C) കോഫി അന്നൻ
   D) ട്രിഗ്വേലി

7. താഴെ തന്നിരിക്കുന്ന വാതങ്ങളിൽ പ്രാദേശിക വാതത്തിന് ഉദാഹരണമല്ലാത്തത് ഏതാണ് ?
   A) ചിനൂക്ക്
   B) ലൂ
   C) ചക്രവാതം
   D) ഹർമാറ്റൻ

8. ആഗ്നേയശിലയുമായി ബന്ധമില്ലാത്ത സവിശേഷത തന്നിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക.
   A) ഈ ശിലയെ പ്രാഥമിക ശിലയെന്നും വിളിക്കുന്നു
   B) ഈ ശിലയ്ക്ക് ഒരു ഉദാഹരണമാണ് ബസാൾട്ട്
   C) കേരളത്തിൽ ഏറ്റവുമധികം കാണുന്നത് ഈ ശിലയാണ്
   D) ഈ ശിലകൾ ഭൂമിയ്ക്കകത്തും പുറത്തും രൂപം കൊള്ളുന്നു

9. എന്താണ് ക്ലിഫ് ?
   A) ഇത് തിരമാലയുമായി ബന്ധപ്പെട്ട ഭൂരൂപമാണ്
   B) ഇത് ഒരു ശിലയുടെ പേരാണ്
   C) ഇത് ഒരു കൊടുമുടിയാണ്
   D) ഇത് നദികൾ സൃഷ്ടിയ്ക്കുന്ന നിക്ഷേപ സമതലമാണ്

10. താഴെ പറയുന്നവയിൽ കൂട്ടത്തിൽ ചേരാത്ത ഭൂരൂപമേതെന്ന് തിരിച്ചറിയുക.

A) അപവഹന ഗർത്തം
B) കൂൺശിലകൾ
C) ടെറായി
D) മണൽമേടുകൾ

11. കേരളത്തിലെ പ്രധാന ജലവൈദ്യുത പദ്ധതികളും അവ സ്ഥിതിചെയ്യുന്ന ജില്ലയും തന്നിരിക്കുന്നു. ശരിയല്ലാത്തത് കണ്ടെത്തുക.

A) കുറ്റ്യാടി – കോഴിക്കോട്
B) ശബരിഗിരി – പത്തനംതിട്ട
C) ഷോളയാർ – തൃശ്ശൂർ
D) കല്ലട – കൊല്ലം

12. സമീപകാലത്ത് ഇന്ത്യൻ കരസേന വിജയ് ദുർഗ് എന്ന് പേര് മാറ്റിയ ഫോർട്ട് വില്ല്യം എവിടെയാണ് ?

A) ദില്ലി
B) കൊൽക്കത്ത
C) മുംബൈ
D) ചെന്നൈ

13. ചുവടെ തന്നിട്ടുള്ളവയിൽ നീതി ആയോഗിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്ന പ്രസ്താവനകൾ ഏതെല്ലാം ?

i. വ്യവസായ സേവന മേഖലകളിൽ സർക്കാർ പങ്കാളിത്തം കൂട്ടുക.
ii. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നഗരങ്ങളെ സുരക്ഷിത ആവാസ കേന്ദ്രങ്ങളാക്കി മാറ്റുക.
iii. പ്രബല മധ്യ വർഗത്തെ സുസ്ഥിര സാമ്പത്തിക വളർച്ച നേടാൻ പ്രയോജനപ്പെടുത്തുക.

A) i and iii
B) i, ii and iii
C) i and ii
D) ii and iii

14. ഗാന്ധിജിയുടെ സാമ്പത്തിക ശാസ്ത്ര ചിന്തകളിൽ ഉൾപ്പെടുന്ന പ്രസ്താവനകൾ ഏതെല്ലാം ?

i. സമത്വത്തിൽ അടിയുറച്ച സമ്പദ്‌വ്യവസ്ഥയുടെ രൂപീകരണം.
ii. വൻകിട വ്യവസായങ്ങൾക്ക് പരിഗണന.
iii. സ്വയംപര്യാപ്തവും സ്വാശ്രയവുമായ പ്രാദേശിക സമ്പദ്‌വ്യവസ്ഥ.

A) i and ii
B) ii and iii
C) i and iii
D) i, ii and iii

15. ചുവടെ തന്നിട്ടുള്ളവയിൽ തെറ്റായ ജോഡിയേത് ?

A) ചാണക്യൻ – അർത്ഥശാസ്ത്രം
B) അമർത്യ സെൻ – ക്ഷേമ സാമ്പത്തിക ശാസ്ത്രം
C) മഹാത്മാഗാന്ധി – ട്രസ്റ്റിഷിപ്പ്
D) ദാദാഭായ് നവറോജി – മിച്ച മൂല്യ സിദ്ധാന്തം

16. താഴെ തന്നിട്ടുള്ളവരിൽ 2024-ലെ പദ്മവിഭൂഷൺ ബഹുമതി ലഭിച്ച വ്യക്തി

A) പത്മ സുബ്രഹ്മണ്യം
B) L. K. അഡ്വാനി
C) M. ഫാത്തിമ ബീവി
D) Dr. M. S. സ്വാമിനാഥൻ

17. ചുവടെ തന്നിട്ടുള്ളവയിൽ ഉല്പാദക ഘടകമായ മൂലധനത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടുന്ന പ്രസ്താവനകൾ ഏതെല്ലാം ?

   i. മൂലധനം മറ്റെല്ലാ ഉല്പാദക ഘടകങ്ങളെയും സഹായിക്കുന്നു.

   ii. മൂലധനം തൊഴിലാളികളുടെ ഉല്പന്ന നിർമ്മാണത്തിനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.

   iii. മൂലധനത്തിനുള്ള പ്രതിഫലം ലാഭമാണ്.

   A) ii and iii B) i and ii C) i, ii and iii D) i and iii

18. ചുവടെ തന്നിട്ടുള്ളവരിൽ ഇന്ത്യയുടെ ധനകാര്യ വകുപ്പ് മന്ത്രിയായിട്ടുള്ളവർ ആരെല്ലാം ?

   i. നിർമ്മല സീതാരാമൻ

   ii. മൊറാർജി ദേശായി

   iii. ചരൺ സിങ്

   A) i and ii B) i, ii and iii C) i and iii D) ii and iii

19. ചുവടെ തന്നിട്ടുള്ളവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

   i. കൊട്ടോണോപോളിസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന നഗരം ബോംബെയാണ്.

   ii. ഇന്ത്യയിൽ ഭക്ഷ്യ വിളകളുടെ ഉല്പാദനത്തിൽ ചോളത്തിന് മൂന്നാം സ്ഥാനമാണുള്ളത്.

   iii. ചണ നാരിനെ യൂണിവേഴ്സൽ ഫൈബർ എന്നും അറിയപ്പെടുന്നു.

   A) i and ii B) ii and iii C) i and iii D) i, ii and iii

20. മന്ത്രിസഭയിലെ മൊത്തം മന്ത്രിമാരുടെ എണ്ണം ലോകസഭയിലെ മൊത്തം അംഗങ്ങളുടെ 15 ശതമാനത്തിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്ത ഭരണഘടനാ ഭേദഗതി

   A) 42-ാം ഭരണഘടനാ ഭേദഗതി B) 91-ാം ഭരണഘടനാ ഭേദഗതി

   C) 52-ാം ഭരണഘടനാ ഭേദഗതി D) 73-ാം ഭരണഘടനാ ഭേദഗതി

21. രാജ്യസഭയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

   i. മൂന്നിൽ രണ്ട് ഭാഗം അംഗങ്ങൾ ഓരോ രണ്ട് വർഷം കൂടുമ്പോൾ പിരിഞ്ഞു പോകുന്നു.

   ii. രാജ്യസഭ ഒരു സ്ഥിരം സഭയാണ്.

   iii. രാജ്യസഭ ഇന്ത്യയിലെ സംസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

   iv. ധനബിൽ ആരംഭിക്കാനുള്ള അധികാരം രാജ്യസഭയ്ക്ക് ഇല്ല.

   A) എല്ലാ പ്രസ്താവനകളും ശരിയാണ്

   B) i, ii, iii പ്രസ്താവനകൾ മാത്രമാണ് ശരി

   C) ii, iii, iv പ്രസ്താവനകൾ മാത്രമാണ് ശരി

   D) ii, iv പ്രസ്താവനകൾ മാത്രമാണ് ശരി

22. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ അംഗീകാരം ശുപാർശ ചെയ്ത കമ്മിറ്റി
    A) പി. കെ. തുംഗൻ കമ്മിറ്റി
    B) ബൽവന്ത് റായ് മേത്ത കമ്മിറ്റി
    C) അശോക് മേത്ത കമ്മിറ്റി
    D) സർക്കാരിയ കമ്മീഷൻ

23. താഴെ തന്നിരിക്കുന്നവയിൽ ഭരണഘടനയുടെ നാലാം അദ്ധ്യായത്തിൽപ്പെടാത്തത്
    i. തുല്ല്യ ജോലിക്ക് തുല്ല്യ വേതനം
    ii. ഏകീകൃത സിവിൽ നിയമം
    iii. സംഘടനാ സ്വാതന്ത്ര്യം
    iv. പൊതു തൊഴിലിൽ തുല്ല്യ അവസരം
    A) i, iii, iv എന്നിവ
    B) i, ii, iv എന്നിവ
    C) i, ii, iii എന്നിവ
    D) iii, iv എന്നിവ

24. 2024-ലെ ലോകസഭാ തെരഞ്ഞെടുപ്പ് സമയത്ത് മാതൃകാ പെരുമാറ്റച്ചട്ടം ലംഘിക്കുന്നതും, ക്രമക്കേടുകളും പരാതികളും അറിയിക്കുന്നതിന് പൗരന്മാർക്കുവേണ്ടി ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ
    A) ഇ. സി. ഐ. വിജിൽ
    B) ഇ – വിജിൽ
    C) കെ. വൈ. സി.
    D) സി. വിജിൽ

25. ചേരുംപടി ചേർത്തവ പരിശോധിക്കുക.
    i. യൂണിയൻ ലിസ്റ്റ് – പ്രതിരോധം, ആണവോർജ്ജം
    ii. സംസ്ഥാന ലിസ്റ്റ് – കൃഷി, മത്സ്യബന്ധനം
    iii. കൺകറന്റ് ലിസ്റ്റ് – മദ്യനിയന്ത്രണം, ബാങ്കിങ്

    തന്നിരിക്കുന്ന സൂചകങ്ങളുപയോഗിച്ച് ശരിയായ ഉത്തരം കണ്ടെത്തുക.
    A) എല്ലാം ശരിയാണ്
    B) i, ii എന്നിവ ശരിയാണ്
    C) ii, iii എന്നിവ ശരിയാണ്
    D) i മാത്രം ശരിയാണ്

26. നിലവിലെ കേന്ദ്ര പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി ആരാണ് ?
    A) മൻസൂഖ് മാൻഡവ്യ
    B) ഹർദീപ് സിംഗ് പുരി
    C) അനുരാഗ് താക്കൂർ
    D) കിരൺ റിജിജു

27. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.
    1. 1993 ഡിസംബർ 11 നാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്.
    2. ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് അംഗങ്ങളാണ് കമ്മീഷനിലുള്ളത്.
    3. വിരമിച്ച ഹൈക്കോടതി ചീഫ്ജസ്റ്റിസ്/ഹൈക്കോടതി ജഡ്ജി ആയിരിക്കും മനുഷ്യാവകാശ കമ്മീഷന്റെ അധ്യക്ഷൻ.
    A) 1 ഉം 2 ഉം
    B) 2 ഉം 3 ഉം
    C) 1 ഉം 3 ഉം
    D) എല്ലാം ശരിയാണ്

28. വിവരാവകാശ നിയമത്തിന്റെ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.
   1. അഴിമതി നിയന്ത്രിക്കുന്നതിന്.
   2. ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്തബോധമുണ്ടാക്കുന്നതിന്.
   3. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന്.

   A) 1 ഉം 2 ഉം
   B) 2 ഉം 3 ഉം
   C) 1 ഉം 3 ഉം
   D) എല്ലാം ശരിയാണ്

29. ലോകതണ്ണീർത്തട ദിനം എന്നാണ് ?
   A) ഫെബ്രുവരി 2
   B) മാർച്ച് 25
   C) ഫെബ്രുവരി 28
   D) ഒക്ടോബർ 5

30. കേരള സംസ്ഥാനത്തിലെ തൊഴിൽ വകുപ്പ് മന്ത്രി ആര് ?
   A) സജി ചെറിയാൻ
   B) കെ. രാജൻ
   C) വി. എൻ. വാസവൻ
   D) വി. ശിവൻകുട്ടി

31. കേരളത്തിൽ ആകെയുള്ള രാജ്യസഭ സീറ്റുകൾ എത്ര ?
   A) 9
   B) 8
   C) 11
   D) 12

32. കേരള സംസ്ഥാനത്തിന്റെ ഗവർണർ ആര് ?
   A) ആർ. എൻ. രവി
   B) പി. എസ്. ശ്രീധരൻ പിള്ള
   C) രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ
   D) ജിഷ്ണു ദേവ് വർമ്മ

33. 2024-ലെ എഴുത്തച്ഛൻ പുരസ്ക്കാരം നേടിയത് ആര് ?
   A) എസ്. ഹരീഷ്
   B) എൻ. എസ്. മാധവൻ
   C) പി. വത്സല
   D) എം. ടി. വാസുദേവൻ നായർ

34. പല്ലിന്റെ ആന്തര ഘടന ചുവടെ തന്നിരിക്കുന്നു. ഇവയിൽ ശരിയായ ജോഡികൾ ഏവ ?
   i. ഇനാമൽ – പല്ല് നിർമ്മിച്ചിരിക്കുന്ന ജീവനുള്ള കല
   ii. ഡെന്റൈൻ – മനുഷ്യശരീരത്തിലെ ഏറ്റവും കാഠിന്യമുള്ള പദാർത്ഥം
   iii. പൾപ്പ് ക്യാവിറ്റി – പല്ലിന്റെ ഏറ്റവും ആന്തര ഭാഗം
   iv. സിമന്റം – പല്ലിനെ മോണയിൽ ഉറപ്പിച്ചു നിർത്തുന്ന യോജക കല

   A) i and ii ശരി
   B) iii and iv ശരി
   C) i ശരി iii തെറ്റ്
   D) എല്ലാം ശരി

35. ചുവടെ കൊടുത്തിരിക്കുന്നവയിൽ ‘ആന്റിസ്റ്റെറിലിറ്റി ജീവകം’ എന്നറിയപ്പെടുന്നത് ഏതാണ് ?
   A) ജീവകം എ
   B) ജീവകം ഡി
   C) ജീവകം ഇ
   D) ജീവകം കെ

36. സാംക്രമിക രോഗങ്ങളും അവയുടെ രോഗകാരികളും തന്നിരിക്കുന്നു. ശരിയായ ജോഡി കണ്ടെത്തുക.

| | രോഗം | | രോഗകാരി |
|---|---|---|---|
| 1. | കോളറ | – | വൈറസ് |
| 2. | എലിപ്പനി | – | ലെപ്റ്റോസ്പൈറ |
| 3. | സ്ക്രബ് ടൈഫസ് | – | വിബ്രിയോ കോളറ |
| 4. | കുരങ്ങു പനി | – | ബാക്ടീരിയ |

A) 1, 2 എന്നിവ
B) 2, 4 എന്നിവ
C) 2 മാത്രം
D) 3 മാത്രം

37. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ഏതാണ് ?

i. ധ്വനി
ii. അമൃതം ആരോഗ്യം
iii. ശ്രുതി മധുരം
iv. കാതോരം

A) ii and iv
B) ii മാത്രം
C) i and ii
D) iii മാത്രം

38. ചുവടെ കൊടുത്തിരിക്കുന്നവയിൽ ജനിതക രോഗങ്ങൾ വരുന്ന ജോഡി ഏത് ?

i. കാൻസർ, സിലിക്കോസിസ്
ii. ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ
iii. എയ്ഡ്സ്, ഹെപ്പറ്റൈറ്റിസ്
iv. പോളിയോ, റ്റെറ്റനസ്

A) i മാത്രം
B) ii മാത്രം
C) i and ii
D) i, ii and iii

39. സൂര്യപ്രകാശത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് സമുദ്രത്തെ മൂന്ന് മേഖലകളായി തിരിച്ചിട്ടുണ്ട്

i. ഉപരിതലം മുതൽ 200 മീറ്റർവരെ ആഴത്തിൽ യൂഫോട്ടിക് മേഖല
ii. 200 മീറ്ററിനു താഴെ 1000 മീറ്റർവരെ എഫോട്ടിക് മേഖല
iii. ആയിരം മീറ്ററിന് താഴെ ഡിസ്ഫോട്ടിക് മേഖല

A) i മാത്രം ശരി
B) ii ഉം iii ഉം ശരി
C) i തെറ്റ് ii ശരി
D) എല്ലാം ശരി

40. ലോക പരിസ്ഥിതി ദിനാചരണത്തിന് 2024-ൽ ആതിഥേയത്വം വഹിച്ച രാജ്യം ഏതാണ് ?

i. ഇന്ത്യ
ii. അമേരിക്ക
iii. സൗദിഅറേബ്യ
iv. കെനിയ

A) ii
B) i
C) iv
D) iii

41. മെനിഞ്ചൈറ്റിസിനെതിരെ 'Men 5 CV' വാക്സിൻ നിർമ്മിച്ച ലോകത്തിലെ ആദ്യത്തെ രാജ്യം ഏതാണ് ?

i. കാനഡ
ii. ജർമ്മനി
iii. നൈജീരിയ
iv. ഇംഗ്ലണ്ട്

A) iii
B) ii
C) i
D) iv

42. ഒപ്റ്റിക്കൽ ഫൈബറിലൂടെ പ്രകാശം കടന്നുപോകുന്നത് ഏത് തത്വം അനുസരിച്ചാണ് ?
A) അപവർത്തനം
B) പൂർണ്ണാന്തരിക പ്രതിഫലനം
C) വിസരണം
D) പ്രതിഫലനം

43. കൂട്ടത്തിൽ പെടാത്തത് ഏത് ?
A) മീറ്റർ
B) പ്രകാശവർഷം
C) സെക്കന്റ്
D) ആസ്ട്രോണമിക്കൽ യൂണിറ്റ്

44. ഒരു കോൺകേവ് ദർപ്പണത്തിനു മുമ്പിൽ 10 cm അകലെ പ്രകാശിക്കുന്ന വസ്തു വച്ചപ്പോൾ അതിന്റെ യഥാർഥ പ്രതിബിംബം ദർപ്പണത്തിൽ നിന്ന് 40 cm അകലെ രൂപപ്പെടുന്നു. ദർപ്പണത്തിന്റെ ഫോക്കസ് ദൂരം കണക്കാക്കുക.
A) –8 cm
B) +8 cm
C) –4 cm
D) +4 cm

45. ഏറ്റവും മികച്ച പൊതുഗതാഗതം ഉള്ള നഗരങ്ങളുടെ പട്ടികയിൽ ഇടം നേടിയ ഇന്ത്യൻ നഗരം
A) മുംബൈ
B) കൽക്കത്ത
C) ബാംഗ്ലൂർ
D) ഡൽഹി

46. ചാറ്റ് ജിപിടിയ്ക്ക് നിരോധനം ഏർപ്പെടുത്തിയ ആദ്യ പാശ്ചാത്യ രാജ്യം
A) ജപ്പാൻ
B) ഇറ്റലി
C) ഇംഗ്ലണ്ട്
D) ആസ്ട്രേലിയ

47. കുമ്മായം അടിച്ച ചുവരിൽ ഒരു തിളക്കം കാണപ്പെടുന്നത് എന്തു രൂപപ്പെടുന്നതു കൊണ്ടാണ് ?
A) കാൽസ്യം ഹൈഡ്രോക്സൈഡ്
B) കാൽസ്യം ഓക്സൈഡ്
C) കാൽസ്യം കാർബണൈറ്റ്
D) മഗ്നീഷ്യം ഓക്സൈഡ്

48. ഇരുമ്പു ഫയലിംഗുകളിൽ നേർപ്പിച്ച ഹൈഡ്രോക്ലോറിക് ആസിഡ് ചേർക്കുമ്പോൾ എന്തു സംഭവിക്കും ?
A) $FeCl_3$, $H_2$ ഉണ്ടാകുന്നു
B) $Fe(OH)_2$, $Cl_2$ ഉണ്ടാകുന്നു
C) രാസപ്രവർത്തനം നടക്കുന്നില്ല
D) Fe, $H_2O$ ഉണ്ടാകുന്നു

49. d സബ്ഷെല്ലിൽ ഉൾക്കൊള്ളാവുന്ന ഇലക്ട്രോണുകളുടെ പരമാവധി എണ്ണം
A) 2
B) 4
C) 6
D) 10

50. _________ ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുവാണ് ഇൽമനൈറ്റ്.
A) $MnO_2$
B) $TiO_2$
C) $ThO_2$
D) $VO_2$

51. അക്വേറിയത്തിന്റെ അടിയിൽ നിന്ന് ഉയരുന്ന വായു കുമിളകളുടെ വലിപ്പം വർദ്ധിക്കുന്നത് ഏത് വാതകനിയമം അനുസരിച്ചാണ് ?
A) ബോയിൽ നിയമം
B) ചാൾസ് നിയമം
C) അവോഗാഡ്രോ നിയമം
D) ഡാൽട്ടൻ നിയമം

52. പത്ര പ്രവർത്തനത്തിന്റെ പുരോഗതിക്ക് വേണ്ടി സ്ഥാപിച്ച കേരള പ്രസ്സ് അക്കാദമി യുടെ ആസ്ഥാനം എവിടെയാണ് ?
A) അമ്പലപ്പുഴ
B) തിരുവനന്തപുരം
C) കാക്കനാട്
D) കുണ്ടറ

53. മികച്ച സിനിമാനടനുള്ള ദേശീയ അവാർഡ് ലഭിച്ച ആദ്യ മലയാള നടൻ ആര് ?
A) ബാലൻ കെ. നായർ
B) ഭരത്ഗോപി
C) പി. ജെ. ആന്റണി
D) മമ്മൂട്ടി

54. താഴെ കൊടുത്ത പ്രസ്താവനയിൽ ശരിയായത് ഏതൊക്കെ ?
i. മൈമൂന എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് ഒ. വി. വിജയനാണ്.
ii. സ്മാരക ശിലകൾ എന്ന നോവലിലെ കഥാപാത്രമാണ് മൈമൂന.
iii. പുനത്തിൽ കുഞ്ഞബ്ദുള്ള സൃഷ്ടിച്ചിട്ടുള്ള കഥാപാത്രമാണ് മൈമൂന.
A) i മാത്രം ശരി
B) i ഉം ii ഉം ശരി
C) ii ഉം iii ഉം ശരി
D) ഇവയിൽ ഒന്നും ശരിയല്ല

55. 2023-ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ ''മലയാളത്തിന്റെ ദേശകാലങ്ങൾ'' എന്ന സാഹിത്യപഠനം എഴുതിയത് ആര് ?
A) പി. കെ. രാജശേഖരൻ
B) ഇ. വി. രാമകൃഷ്ണൻ
C) ആനന്ദ്
D) ഷാജി ജേക്കബ്

56. താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെ ?
i. ഷാജി എൻ. കരുൺ ആദ്യമായി സംവിധാനം ചെയ്ത സിനിമയാണ് പിറവി.
ii. 1989-ൽ മികച്ച സിനിമയ്ക്കും സംവിധായകനുമുള്ള അവാർഡ് നേടിയ സിനിമയാണ് പിറവി.
iii. ജി. അരവിന്ദന് ദേശീയ അവാർഡ് ലഭിച്ച സിനിമയാണ് പിറവി.
A) ii മാത്രം ശരി
B) i ഉം ii ഉം ശരി
C) ii ഉം iii ഉം ശരി
D) iii മാത്രം ശരി

57. ഏകദിന ക്രിക്കറ്റിൽ ഡബിൾ സെഞ്ച്വറി നേടിയ ആദ്യത്തെ ഇന്ത്യൻ ബാറ്റ്സ്മാൻ ആരാണ് ?
A) കപിൽ ദേവ്
B) സച്ചിൻ തെണ്ടുൽക്കർ
C) രോഹിത് ശർമ്മ
D) വീരേന്ദ്ര സേവാഗ്

58. ഇന്ത്യയുടെ ആദ്യത്തെ ഒളിമ്പിക്സ് ഹോക്കി ടീമിന്റെ നായകൻ ആരാണ് ?
A) ധ്യാൻചന്ദ്
B) ജയ്പാൽ സിങ്ങ്
C) മുഹമ്മദ് ഷാഹിദ്
D) ധനരാജ് പിള്ള

59. പ്രൈവറ്റ് ബ്രൗസിംഗ് മോഡ് ഉപയോഗിക്കുന്നത്
A) ബ്രൗസിംഗ് സ്പീഡ് കൂട്ടാൻ
B) ബ്രൗസിംഗ് ചരിത്രം സൂക്ഷിക്കാൻ
C) ബ്രൗസിംഗ് ചരിത്രം, കുക്കികൾ എന്നിവ സംഭരിക്കാതിരിക്കാൻ
D) ബ്രൗസിംഗ് ഹിസ്റ്ററി ഡിലീറ്റ് ചെയ്യാൻ

60. HTML-ൽ ഒരു ചിത്രത്തെ പ്രദർശിപ്പിക്കാൻ ഉപയോഗിക്കുന്ന ടാഗ്
A) <picture>
B) <image>
C) <pic>
D) <img>

61. ഒരു ലാൻ (LAN) ഇന്റർനെറ്റുമായി ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉപകരണം
A) ഹബ്ബ്
B) റൗട്ടർ
C) റിപീറ്റർ
D) സ്വിച്ച്

62. ഐ. ടി. ആക്ട് പ്രകാരം ഇന്ത്യയിലെ സൈബർ സുരക്ഷാ സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ബോഡി
   A) നാസ്കോം
   B) സർട്ടിൻ (ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം)
   C) ട്രായ്
   D) നീതി ആയോഗ്

63. ഇൻപുട്ട് ഉപകരണം
   A) പ്രിന്റർ B) പ്ലോട്ടർ C) സ്പീക്കർ D) സ്കാനർ

64. പോക്സോ നിയമം, 2012 പ്രകാരം കുട്ടി ആയി നിർവ്വചിച്ചിരിക്കുന്നത് ആരെയാണ് ?
   A) 14 വയസ്സിൽ താഴെ പ്രായം ഉള്ളവർ B) 15 വയസ്സിൽ താഴെ പ്രായം ഉള്ളവർ
   C) 16 വയസ്സിൽ താഴെ പ്രായം ഉള്ളവർ D) 18 വയസ്സിൽ താഴെ പ്രായം ഉള്ളവർ

65. ഒരു വർഷത്തിൽ കേന്ദ്ര ഉപഭോക്തൃ സമിതി കുറഞ്ഞത് എത്ര തവണ മീറ്റിംഗ് കൂടി യിരിക്കണം എന്നാണ് നിയമം അനുശാസിക്കുന്നത് ?
   A) ഒരു തവണ B) രണ്ട് തവണ
   C) മൂന്ന് തവണ D) നാല് തവണ

66. ദേശീയ-സംസ്ഥാനങ്ങളിലെ മുഖ്യ വിവരാവകാശ കമ്മീഷണർമാരുടെ കാലാവധി എത്ര ?
   A) അഞ്ച് വർഷം B) മൂന്ന് വർഷം
   C) രണ്ട് വർഷം D) ഒരു വർഷം

67. ദേശീയ വനിതാ കമ്മീഷന്റെ ആദ്യത്തെ അദ്ധ്യക്ഷ ആര് ?
   A) ഗിരിജ വ്യാസ് B) ലളിത കുമാരമംഗലം
   C) ജയന്തി പട്നായിക് D) രേഖ ശർമ്മ

68. ഗാർഹിക പീഡന നിരോധന നിയമം, 2005 പ്രകാരം താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?
   A) പ്രൊട്ടക്ഷൻ ഓഫീസർമാരും സർവ്വീസ് പ്രൊവൈഡേഴ്സും പബ്ലിക് സർവന്റ്സ് ആയിരിക്കും.
   B) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗാർഹിക പീഡന നിരോധന നിയമത്തെ കുറിച്ച് കാലാകാലങ്ങളിൽ പൊതു മാധ്യമങ്ങൾ വഴി പരസ്യം നൽകണം.
   C) ഗാർഹിക അതിക്രമത്തിന് ഇര ആയവർക്ക് സൗജന്യ നിയമ സഹായം ലഭ്യ മാകുന്നതാണ്.
   D) ഗാർഹിക പീഡനത്തിന് ഇര ആയവർക്ക് പങ്കാളിയായി താമസിച്ച വീട്ടിൽ താമസിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

69. ദേശീയ ന്യൂനപക്ഷ കമ്മീഷനിൽ ചെയർപേഴ്സണെ കൂടാതെ എത്ര അംഗങ്ങൾ ഉണ്ട് ?
   A) 7 B) 6 C) 5 D) 4

70. സംസ്ഥാന സർക്കാരുകൾ സ്ഥാപിക്കുന്ന വാർദ്ധക്യകാല ഗൃഹങ്ങളിൽ കുറഞ്ഞത് എത്ര മുതിർന്ന പൗരന്മാർക്ക് താമസ സൗകര്യം നൽകേണ്ടതാണ് ?
   A) 100 B) 200 C) 150 D) 250

71. ഒരു ത്രികോണത്തിലെ കോണുകൾ 5 : 3 : 4 എന്ന അംശബന്ധത്തിലായാൽ ത്രികോണത്തിലെ ചെറിയ കോൺ എത്ര ?

A) 90 B) 40 C) 38 D) 45

72. z = x + y-ൽ x = –10, y = 3 ആയാൽ z എത്ര ?

A) –13 B) –7 C) 7 D) 13

73. കൂട്ടത്തിൽ പെടാത്തതേത് ?

A) 12 B) 48 C) 24 D) 16

74. 6-ന്റെ ആദ്യ ആറ് ഗുണിതങ്ങളുടെ മാധ്യം എത്ര ?

A) 12 B) 18 C) 19 D) 24

75. 40 m നീളവും 30 m വീതിയുമുള്ള ഒരു ചതുരത്തിന്റെ ചുറ്റളവ്, ഒരു സമചതുരത്തിന്റെ ചുറ്റളവിനോട് തുല്യമായാൽ ആ സമചതുരത്തിന്റെ വശം എത്രയായിരിക്കും ?

A) 35 B) 40 C) 30 D) 37

76. ഒരു വരിയിൽ അരുൺ മുന്നിൽ നിന്ന് നാലാമതും പിന്നിൽ നിന്ന് ഇരുപതാമതും ആയാൽ ആ വരിയിൽ ആകെ എത്ര പേരുണ്ട് ?

A) 24 B) 22 C) 23 D) 20

77. 18 – 6 ÷ 3 × 4 =

A) 10 B) 64 C) 16 D) 4

78. $\left(\frac{-2}{3}\right)^3 \times \left(\frac{3}{5}\right)^2 =$

A) $\frac{8}{75}$ B) $\frac{25}{4}$ C) $\frac{-8}{75}$ D) $\frac{-75}{8}$

79. 53.6 എന്ന സംഖ്യ 72.29 നേക്കാൾ എത്ര കുറവാണ് ?

A) 125.89 B) 18.69 C) 18.23 D) 18.40

80. 1, 2, 4 ... എന്ന സംഖ്യാശ്രേണിയിലെ 10-ാം പദം എത്ര ?

A) 512 B) 144 C) 64 D) 288

81. Modern technology makes it easier than ever to eavesdrop on electronic communication.

Find the option that is closest in meaning to the underlined word.

A) To communicate with diverse groups simultaneously

B) To stay away from a confidential discussion

C) To give some space for private conversation

D) To listen secretly to a private conversation

82. Do you remember the passenger ________ travelled yesterday without a ticket.

Choose the suitable relative pronoun from the options given.

A) whom
B) who
C) whose
D) which

83. Martin ate the ______ amount of shawarma at the party, preferring to snack on vegetables.

Choose the superlative form of the adjective from the options.

A) little
B) less
C) lest
D) least

84. Pursuing a graduate degree from a reputable institution these days can cost an arm and a leg.

Identify the meaning of the idiom underlined.

A) Affordable
B) Economical
C) Expensive
D) Inexpensive

85. Which one of the following words is an example of a compound word consisting of a verb + adverb pattern ?

A) Breakthrough
B) Dryclean
C) Whitewash
D) Sailboat

86. The _________ of the royal family still preserve their tradition and cultural heritage.

Pick out the correctly spelt word.

A) decsendants
B) descendants
C) descandants
D) descendents

87. This cloth used to fade when washed, ________ ?

Use the most suitable question tag.

A) don't this
B) didn't this
C) don't it
D) didn't it

88. Close the window. (Change into Passive Voice)

A) Let the window has been closed.
B) Let the window shall be closed.
C) Let the window should be closed.
D) Let the window be closed.

89. The Principal ordered a _______ of paper to print the students' hall tickets.

Fill in the blank using the most suitable collective noun from the options given.

A) sheet
B) page
C) ream
D) number

90. The Manager asked Raji, "Why didn't you come to the office yesterday ?"

The Manager asked Raji, ________

Complete the reported speech.

A) Why she was not come to the office the previous day ?
B) Why she has not come to the office the previous day ?
C) Why she hadn't come to the office the previous day ?
D) Why she didn't come to the office the previous day ?

91. വിൺ + തലം = വിണ്ടലം. സന്ധി ഏത് ?

A) ആഗമസന്ധി
B) ആദേശ സന്ധി
C) ദ്വിത്വ സന്ധി
D) ലോപസന്ധി

92. ക്ലീബം എന്ന പദത്തിന്റെ അർത്ഥം എന്ത് ?

A) പുരുഷൻ
B) സ്ത്രീ
C) ഗുരു
D) നപുംസകം

93. കൂട്ടത്തിൽ പെടാത്തത് ഏതെന്ന് കണ്ടെത്തുക.

A) സാമുദ്രം
B) വസിരം
C) അക്ഷീബം
D) മഞ്ഞ്

94. ശരിയല്ലാത്ത വിപരീതപദ രൂപമേത് ?

A) അണിയം × അമരം
B) വ്യഷ്ടി × സമഷ്ടി
C) ആദാനം × പ്രദാനം
D) ഉപജയം × അപചയം

95. ചുട്ടെഴുത്തുകൾ എന്നറിയപ്പെടുന്നത് ഏവ ?

A) അ, ഇ, എ
B) ആ, ഈ, ഏ
C) അ, ഉ, ഐ
D) ഈ, ഏ, അം

96. 'ചതയില്ലാത്തിടത്ത് കത്തി വെയ്ക്കരുത് ' എന്ന പ്രയോഗത്തിന്റെ അർത്ഥം ?

A) ശത്രുക്കളെ സൂക്ഷിക്കണം
B) ഫലമില്ലാത്തിടത്ത് പ്രവർത്തിക്കരുത്
C) പുകവലി പാടില്ല
D) ആരേയും സഹായിക്കരുത്

97. തന്നിരിക്കുന്ന എതിർലിംഗ രൂപങ്ങളിൽ തെറ്റായ ജോടി ഏത് ?

A) നേതാവ് – നേത്രി
B) വിദ്വാൻ – വിദുഷി
C) കവി – കവിയിത്രി
D) അപായം – ഉപായം

98. 'പഠിക്കാൻ ആഗ്രഹിക്കുന്ന ആൾ' ഒറ്റപ്പദമേത് ?

A) പിപാസു
B) ദിദൃക്ഷു
C) പിപഠിഷു
D) ബുഭുക്ഷു

99. സ്ത്രീപുരുഷ നപുംസകങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം ബഹുത്വത്തെ കുറിക്കുന്നതാണ്

A) പൂജക ബഹുവചനം
B) ദ്വിവചനം
C) സലിംഗ ബഹുവചനം
D) അലിംഗ ബഹുവചനം

100. 'കാലുകൊണ്ട് വെള്ളം കുടിച്ച് തല കൊണ്ട് മുട്ടയിട്ടു' – എന്ന കടങ്കഥയുടെ ഉത്തരമേത് ?

A) കുതിര
B) ചന്ദ്രൻ
C) നിലാവ്
D) തെങ്ങ്

## Space for Rough Work